REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-03-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് വായ്പാ സഹായം രാജ്യവ്യാപകമായി എത്തിക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കും. പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലെ ഒരു ലക്ഷം സംരംഭകർക്ക് വായ്പാ സഹായം പ്രധാനമന്ത്രി വിതരണം ചെയ്യും.
- സുപ്രീം കോടതി നിർദ്ദേശ പ്രകാരം ഇലക്ടറൽ ബോണ്ടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ SBI തെരഞ്ഞെടുപ്പ് കമ്മീഷനു നൽകി.
- പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളെജിലെ MBBS സീറ്റുകൾ 150 ആക്കി വർധിപ്പിക്കാൻ അനുമതി നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.
- ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയ ഉപയോഗം തടയാൻ ജില്ലാതല ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കമ്മിറ്റികൾക്കു പ്രവർത്തന മാർഗരേഖ പുറത്തിറക്കിയതായി മന്ത്രി വീണാ ജോർജ്.
- ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റണിൽ വനിതാ സിംഗിൾസിൽ P.V സിന്ധു പ്രീക്വാർട്ടർ ഫൈനൽ റൗണ്ടിൽ പ്രവേശിച്ചു.

## വാർത്തകൾ വിശദമായി

പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് വായ്പാ സഹായം രാജ്യവ്യാപകമായി എത്തിക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുക്കും. പ്രധാനമന്ത്രി

സാമാജിക് ഉത്താൻ എവം റോസ്ഗർ ആധാരിത് ജൻകല്യൺ - പിഎം-സുരാജ്-ദേശീയ പോർട്ടലിന് പ്രധാനമന്ത്രി തുടക്കം കുറിയ്ക്കുകയും, രാജ്യത്തെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലെ ഒരു ലക്ഷം സംരംഭകർക്ക് വായ്പാ സഹായം അനുവദിക്കുകയും ചെയ്യും.

പട്ടികജാതി, പിന്നാക്ക വിഭാഗങ്ങൾ, ശുചീകരണ തൊഴിലാളികൾ എന്നിവരുൾപ്പെടെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലെ വിവിധ ഗവൺമെന്റ് പദ്ധതികളുടെ ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി സംവദിക്കും. അധഃസ്ഥിതർക്ക് മുൻഗണന നൽകുന്നതിന് പ്രധാനമന്ത്രിയുടെ പ്രതിബദ്ധത ഉൾക്കൊള്ളുന്നതാണ് PM-SURAJ ദേശീയ പോർട്ടൽ. ബാങ്കുകൾ, ബാങ്കിംഗേതര ധനകാര്യ കമ്പനികൾ, മറ്റ് സംഘടനകൾ എന്നിവ വഴിയായിരിക്കും അർഹരായവർക്ക് വായ്പാസഹായം ലഭ്യമാക്കുന്നത്.

നമസ്തെ പദ്ധതിക്കു കീഴിൽ ശുചീകരണ തൊഴിലാളികൾക്ക് ആയുഷ്മാൻ ഹെൽത്ത് കാർഡുകളും PPE കിറ്റുകളും പ്രധാനമന്ത്രി വിതരണം ചെയ്യും. രാജ്യത്തെ 500-ലധികം ജില്ലകളിൽ വിവിധ ഗവൺമെന്റ് പദ്ധതികളുടെ ഗുണഭോക്താക്കളായ മൂന്ന് ലക്ഷത്തോളം പേർ പരിപാടിയ്ക്ക് സാക്ഷ്യം വഹിക്കും.

✪✪✪

കണ്ണൂർ കലക്ടറേറ്റ് കോൺഫറൻസ് ഹാളിലും രണ്ട് മണി മുതൽ നാല് മണി വരെ പരിപാടികൾ നടക്കും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, കെ സുധാകരൻ എം പി, മേയർ മുസ്‌ലിഹ് മഠത്തിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ദിവ്യ, ജില്ലാ കലക്ടർ അരുൺ കെ വിജയൻ എന്നിവർ പങ്കെടുക്കും.

മലപ്പുറം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഉച്ചയ്ക്ക് രണ്ടു മുതൽ നടക്കുന്ന ചടങ്ങിൽ MP മാർ, MLA മാർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ഇതിന്റെ ഭാഗമായ ജില്ലാതല പരിപാടി വൈകിട്ട് നാലിന് കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ്, പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർ പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി 'ഇന്ത്യയുടെ സാങ്കേതികാബ്ദം: വികസിത ഭാരതത്തിനായി ചിപ്പുകൾ' എന്ന പരിപാടിയിൽ രാവിലെ 10.30നു വിദൂരദൃശ്യ സംവിധാനത്തിലൂടെ പങ്കെടുക്കും. ഒന്നേ കാൽ ലക്ഷത്തോളം കോടി രൂപയുടെ മൂന്നു സെമികണ്ടക്ടർ പദ്ധതികൾക്ക് പ്രധാനമന്ത്രി തറക്കല്ലിടും. തുടർന്ന് രാജ്യത്തെ യുവാക്കളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

✪✪✪

**SBI ഇലക്ടറൽ ബോണ്ടുകളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും തെരഞ്ഞെടുപ്പ് കമ്മീഷനിൽ സമർപ്പിച്ചു. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ പാലിച്ച്, ഇലക്ടറൽ ബോണ്ടുകളുടെ ഡാറ്റ ബാങ്ക് ലഭ്യമാക്കിയതായി കമ്മീഷൻ വ്യക്തമാക്കി. വിശദാംശങ്ങൾ മറ്റന്നാൾ വൈകുന്നേരം 5 മണിക്കകം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.**

✪✪✪

**രാജ്യത്തുടനീളം ചെലവു കുറഞ്ഞതും സ്വീകാര്യവുമായ ഡിജിറ്റൽ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനായി ടെലി കമ്മ്യൂണിക്കേഷൻ വകുപ്പിന് കീഴിലെ യൂണിവേഴ്സൽ സർവീസ് ഒബ്ലിഗേഷൻ ഫണ്ട് പ്രസാർ ഭാരതിയുമായും ഡിജിറ്റൽ കൊമേഴ്സ് ഓപ്പൺ നെറ്റ് വർക്കുമായും ധാരണാ പത്രം ഒപ്പു വെച്ചു. ഗ്രാമീണ മേഖലയിൽ ബ്രോഡ്ബാന്റ് സർവീസുകൾ ഒ.ടി.ടിയുമായും ഇ- കൊമേഴ്സ് പ്ളാറ്റ്ഫോമുകളുമായും ബന്ധിപ്പിക്കാൻ ലക്ഷ്യമിട്ടാണ് നടപടി. ഗ്രാമപഞ്ചായത്തുകളിലും ഗ്രാമങ്ങളിലും അതിവേഗ ബ്രോഡ്ബാന്റ് കണക്ഷനുകളും മൊബൈൽ കണക്ഷനുകളും സാധ്യമാക്കുന്നതിൽ യൂണിവേഴ്സൽ സർവീസ് ഒബ്ലിഗേഷൻ ഫണ്ട് പ്രധാന പങ്കു വഹിച്ചിട്ടുണ്ടെന്ന് കേന്ദ്ര ടെലി കമ്മ്യൂണിക്കേഷൻ മന്ത്രാലയം അറിയിച്ചു.**

✪✪✪

**കേന്ദ്ര യുവജനകാര്യ കായിക മന്ത്രി അനുരാഗ് സിംഗ് ഠാക്കൂർ ചണ്ഡിഗഡിൽ ഖേലോ ഇന്ത്യ റൈസിംഗ് ടാലന്റ് ഐഡന്റിഫിക്കേഷൻ- കീർത്തി- പരിപാടി ഉദ്ഘാടനം ചെയ്തു. ഒമ്പത് മുതൽ 18 വയസ്സുവരെ പ്രായക്കാരായ സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ച് രാജ്യവ്യാപകമായാണ് പദ്ധതി നടപ്പാക്കുന്നത്. പ്രതിഭകളെ കണ്ടെത്തുക; മയക്കുമരുന്ന്, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയോട് അമിത ആസക്തി തടയുന്നതിന് ഉപകരണമായി സ്പോർട്സ് ഉപയോഗിക്കുക എന്നീ രണ്ട് പ്രധാന ലക്ഷ്യങ്ങളോടെ തയ്യാറാക്കിയ 'കീർത്തി' പദ്ധതി രാജ്യത്തെ 50 കേന്ദ്രങ്ങളിൽ ഉദ്ഘാടനം ചെയ്തു.**

**അത്‌ലറ്റിക്സ്, ബോക്സിംഗ്, ഹോക്കി, ഫുട്ബോൾ, ഗുസ്തി തുടങ്ങി 10 കായിക ഇനങ്ങളിലായി അമ്പതിനായിരം അപേക്ഷകരെയാണ് ആദ്യഘട്ടത്തിൽ വിലയിരുത്തുന്നത്.**

✪✪✪

**പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളെജിലെ MBBS സീറ്റുകൾ 150 ആക്കി വർധിപ്പിക്കാൻ അനുമതി നൽകിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മെഡിക്കൽ കോളെജിലെ ഐ.പി വിഭാഗം ആദ്യഘട്ട ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.**

വിവിധ സൂപ്പർ സ്പെഷാലിറ്റി, മൾട്ടി സ്പെഷാലിറ്റി ആശുപത്രികൾ മെഡിക്കൽ കോളജിനോടനുബന്ധിച്ച് ആരംഭിക്കുന്നതിനു നടപടി സ്വീകരിച്ചുവരികയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

അനുബന്ധ സ്ഥാപനങ്ങളായി പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഡെന്റൽ കോളെജുകൾ എന്നിവ ആരംഭിക്കും. നാലു ഡിപ്പാർട്ട്മെന്റുകളിലായി പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതിയായതായും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

അധികാരത്തിൽ വന്നാൽ ജാതി സെൻസസും സാമ്പത്തിക സർവേയും നടത്തുമെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. മഹാരാഷ്ട്രയിലെ ആദിവാസി ജില്ലയായ നന്ദുർബാറിൽ പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വനാവകാശ നിയമം ശക്തിപ്പെടുത്തുമെന്നും രാഹുൽഗാന്ധി പറഞ്ഞു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനു രണ്ടാം ഘട്ട സ്ഥാനാർത്ഥി പട്ടിക കോൺഗ്രസ് പ്രഖ്യാപിച്ചു. അസം, മധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങളിലെയും ദാമൻ ആന്റ് ദിയുവിലെയും 43 സ്ഥാനാർത്ഥികളാണ് പട്ടികയിലെന്ന് AICC ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ അറിയിച്ചു.

✪✪✪

കേരള ഹൈക്കോടതിയിൽ പുതിയ ജഡ്ജിമാരായി നിയമിതരാകാൻ ആറ് അഭിഭാഷകരെ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ സുപ്രീംകോടതി കൊളീജിയം ശുപാർശ ചെയ്തു.

അബ്ദുൾ ഹക്കീം മുല്ലപ്പള്ളി അബ്ദുൾ അസീസ്, ശ്യാം കുമാർ വടക്കേ മുടവക്കാട്ട്, ഹരിശങ്കർ വിജയൻ മേനോൻ, മനു ശ്രീധരൻ നായർ, ഈശ്വരൻ സുബ്രഹ്മണി, മനോജ് പുലമ്പി മാധവൻ എന്നിവരെയാണ് ഹൈക്കോടതി ജഡ്ജിമാരായി ഉയർത്താൻ സുപ്രീം കോടതി കൊളീജിയം ശുപാർശ ചെയ്തത്.

✪✪✪

ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അശാസ്ത്രീയവുമായ ഉപയോഗം തടയാൻ ജില്ലാതല ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കമ്മിറ്റികൾക്കു പ്രവർത്തന മാർഗരേഖ പുറത്തിറക്കിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗം കാരണം 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് മൂലം മരണമടയും എന്നാണ് ലോകാരോഗ്യ സംഘടന കണക്കാക്കിയിരിക്കുന്നത്. ഇതുൾക്കൊണ്ട് സംസ്ഥാന ആരോഗ്യ

**വകുപ്പ് രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.**

**✪✪✪**

**KSRTC യുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കാൻ ആലോചന. ഇതിന്റെ സാങ്കേതികത പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ KSRTC CMD യ്ക്ക് മന്ത്രി കെ. ബി. ഗണേഷ്കുമാർ നിർദ്ദേശം നൽകി. മിതമായ നിരക്കിൽ മികച്ച നിലവാരത്തിൽ ഡ്രൈവിംഗ് പരിശീലനം നൽകുകയാണ് ലക്ഷ്യം.**

**✪✪✪**

**കാസർഗോഡ് കാക്കടവ് തടയണ, മന്ത്രി റോഷി അഗസ്റ്റിൻ നാടിന് സമർപ്പിച്ചു. എല്ലാ വേനൽ കാലത്തും ജലക്ഷാമം പരിഹരിക്കാനായി നിർമ്മിക്കുന്ന താത്ക്കാലിക തടയണകൾ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന് കണ്ടതിനാലാണ് സ്ഥിരം തടയണ നിർമ്മിച്ചതെന്നും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും ജലസേചനത്തിനും അനുയോജ്യമായ പദ്ധതിയാണിതെന്നും മന്ത്രി പറഞ്ഞു. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് കീഴിൽ ഹോസ്ദുർഗ്ഗ് താലൂക്ക്, കയ്യൂർ ചീമേനി പഞ്ചായത്ത്, ഏഴിമല നാവിക അക്കാദമി എന്നിവയ്ക്കായി കാര്യങ്കോട് പുഴക്ക് കുറുകെയാണ് കാക്കടവ് തടയണ നിർമ്മിച്ചത്.**

**✪✪✪**

**സ്കൂൾ കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് വിദ്യാർഥികളിൽ പത്രവായന ഉൾപ്പെടെ ശക്തിപ്പെടുത്തന്നതിനു പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് മന്ത്രി V. ശിവൻകുട്ടി പറഞ്ഞു. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ വായനോത്സവം സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കും. വിദ്യാർഥികളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ പ്രമുഖ പത്രങ്ങളിലെ മാധ്യമ പ്രവർത്തകരുമായി തിരുവനന്തപുരത്തു നടത്തിയ കൂടിക്കാഴ്ചയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.**

**✪✪✪**

**സാമൂഹിക നീതി വകുപ്പും ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും ഭിന്നശേഷിക്കാരുടെ സമ്പൂർണ ശാക്തീകരണത്തിനും പുനരധിവാസത്തിനുമായി വിവിധങ്ങളായ പദ്ധതികളാണ് നടത്തിവരുന്നതെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. ഭിന്നശേഷി ക്ഷേമ കോർപ്പറേഷന് കാസർകോട് ജില്ലയിൽ പുതിയതായി ആരംഭിച്ച ഓഫീസ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.**

✪✪✪

ആർദ്രം മിഷനിലൂടെ ആരോഗ്യ രംഗത്ത് നിരവധി മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിച്ചതായി മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. കോഴിക്കോട് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിട നിർമാണത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

മികച്ച ബീച്ച് ഡെസ്റ്റിനേഷനാക്കി തിക്കോടിയെ ഉയർത്തുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. തിക്കോടി കല്ലകത്ത് ബീച്ചിന്റെ നവീകരണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഗതാഗതം സുഗമമാക്കാൻ ജംഗ്ഷനുകൾ മനോഹരമാക്കി, വികസിപ്പിക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് ഫറോക്ക് മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ പ്രവൃത്തി ഉദ്ഘാടനം നിർവഹിക്കുയായിരുന്നു മന്ത്രി.

✪✪✪

പ്രമുഖ സംഗീതജ്ഞനും ഗിറ്റാർവാദകനുമായ മുളംചേരിപറമ്പിൽ ആറ്റ്ലി ഡിക്കൂഞ്ഞ തൃശൂരിൽ അന്തരിച്ചു. അദ്ദേഹത്തിന് 74 വയസ്സായിരുന്നു. ദേവരാജൻമാസ്റ്റർ, അർജുനൻ മാസ്റ്റർ എന്നിവരുടെ ഓർക്കസ്ട്രയിൽ ലീഡ് ഗിറ്റാറിസ്റ്റ് ആയിരുന്നു. ഒട്ടേറെ ഗാനങ്ങൾക്ക് സംഗീതവും നിർവഹിച്ചിട്ടുണ്ട്.

✪✪✪

പൗരത്വ ഭേദഗതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ CPIM യഥാർത്ഥത്തിൽ BJP യോടൊപ്പം ആണ് നിലകൊള്ളുന്നതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ കോൺഗ്രസ് അഞ്ചു വർഷം മുൻപ് നടത്തിയ പ്രക്ഷോഭത്തിൽ പങ്കെടുത്തവർക്കെതിരെ എടുത്ത കേസ് പിൻവലിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയിട്ടും അത് നടപ്പാക്കാത്തത് ഇതിന് തെളിവാണെന്ന് അദ്ദേഹം കൊച്ചിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. കോതമംഗലത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ സമരം നടന്നില്ലായിരുന്നുവെങ്കിൽ ഗവൺമെന്റിൽ നിന്നും നഷ്ടപരിഹാരത്തുക ലഭിക്കില്ലായിരുന്നുവെന്നും സതീശൻ പറഞ്ഞു.

✪✪✪

ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റണിൽ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ P.V സിന്ധു പ്രീക്വാർട്ടർ ഫൈനൽ റൗണ്ടിൽ പ്രവേശിച്ചു. ബിർമിംഗ്ഹാമിൽ ആദ്യ മൽസരത്തിൽ വിജയിച്ച് നിൽക്കുന്നതിനിടെ എതിരാളിയായ ജർമൻ താരം പിന്മാറിയതോടെയാണ് പി വി സിന്ധു പ്രീ ക്വാർട്ടർ ഫൈനൽ റൗണ്ടിൽ

എത്തിയത്. പ്രീ ക്വാർട്ടർ ഫൈനലിൽ ദക്ഷിണ കൊറിയൻ താരമാണ് സിന്ധുവിന്റെ എതിരാളി.

പുരുഷ സിംഗിൾസിൽ HS പ്രണോയ്, കിഡംബി ശ്രീകാന്ത്, ആകർഷി കശ്യപ് എന്നിവർ ആദ്യ റൗണ്ടിൽ തന്നെ പുറത്തായി.

✪✪✪

ISL ഫുട്ബോളിൽ പ്ലേ ഓഫ് സാധ്യത പ്രതീക്ഷിച്ച് ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് കളത്തിലിറങ്ങും. കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്ക് ATK മോഹൻ ബഗാനുമായാണ് ബ്ലാസ്റ്റേഴ്സിന്റെ പോരാട്ടം.

ഇന്നലെ മുംബൈ സിറ്റി നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ തോൽപ്പിച്ചു. മുംബൈയിൽ ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് മുംബൈ സിറ്റിയുടെ ജയം.

✪✪✪